പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *196 — 08.03. 2017 ൽ മറുപടിക്ക്

**വൈദ്യുതിനിരക്ക് പരിഷ്കരണം**

ചോദ്യം — ഉത്തരം

**ശ്രീ.ടി.എ.അഹമ്മദ് കബീർ** — ശ്രീ.എം.എം. മണി

**,, എൻ .എ.നെല്ലിക്കുന്ന്** — (വൈദ്യുതി വകുപ്പ് മന്ത്രി)

**,, മഞ്ഞളാംകുഴി അലി**

**,, എൻ. ഷംസുദ്ദീൻ**

| | |
|---|---|
| (എ) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതിനിരക്ക് പരിഷ്കരണത്തിന് നേരിട്ട് നടപടി സ്വീകരിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിന് സ്വമേധയ നടപടികൾ സ്വീകരിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ട്. |
| (ബി) എങ്കിൽ അത്തരം നടപടിയുള്ള കാരണം വിശദമാക്കുമോ; | (ബി) കെ,എസ്.ഇ.ബി. ലിമിറ്റഡ് 2003-04 മുതൽ 2014-15 വരെ വർഷം തോറും അതിന്റെ പ്രതീക്ഷിത വരവുചെലവുകണക്കുകൾ വൈദ്യുതി നിയമം 2003 താരിഫ് പോളിസി, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ എന്നിവയ്ക്ക് വിധേയമായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരുന്നു. എന്നാൽ 14.11.2014-ൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ലൈസൻസികളുടെ ARR & ERC പെറ്റീഷൻ, 'Truing Up' പെറ്റീഷൻ, താരിഫ് പെറ്റീഷൻ എന്നിവ സമർപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ ചട്ടങ്ങൾ (Regulations) പുറപ്പെടുവിക്കുകയുണ്ടായി. ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക ഭദ്രതയെ ദോഷകരമായി ബാധിക്കുന്നതായതിനാലും നിലവിലുള്ള താരിഫ് പോളിസിക്ക് വിരുദ്ധവുമായതിനാലും കെ.എസ്.ഇ.ബി. ലിമിറ്റഡ് ടി ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടും നിലവിലുള്ള രീതിയിൽ ARR & ERC പെറ്റീഷൻ (2015-16 വർഷത്തേയ്ക്ക്) ഫയൽ ചെയ്യാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടും ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി മുമ്പാകെ ഒരു പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ |

| | |
|---|---|
| | ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് അതിന്റെ 2015-16 വർഷത്തേയ്ക്കുള്ള ARR & ERC കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്യെങ്കിലും ഇതിൻമേൽ പരിശോധന പോലും നാളിതുവരെ ' കമ്മീഷൻ നടത്തിയിട്ടില്ല. ഇക്കാരണത്താലും കേസിന് മേൽ അന്തിമ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിക്കാത്തതിനാലും തുടർന്നുള്ള വർഷങ്ങളിലേക്കുള്ള ARR & ERC പെറ്റീഷൻ ഫയൽ ചെയ്തിട്ടില്ല. ഇക്കാരണങ്ങളാലും അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി (APTEL) 11.11.2011-ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലും ആണ് താരിഫ് പരിഷ്കരണത്തിന് സ്വമേധയാ ഉള്ള നടപടിക്രമങ്ങൾ കമ്മീഷൻ സ്വീകരിച്ചത്. |
| (സി) ഇക്കാര്യത്തിൽ വൈദ്യുതി ബോർഡിന്റെനിലപാടെന്താണ് എന്ന് വിശദമാക്കുമോ; | (സി) കെ.എസ്.ഇ.ബി. ലിമിറ്റഡിനെ സാമ്പത്തിക ഭദ്രതയുള്ള ഒരു സ്ഥാപനമായി നിലനിർത്തുന്നതിന് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി കമ്മീഷൻ സ്വമേധയാ എടുത്ത നടപടികളിൽ വരവ് ചെലവ് കണക്കുകൾ പുനർനിർണ്ണയിക്കണമെന്നും കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ആഡിറ്റ് ചെയ്ത് അംഗീകരിച്ച് യഥാർത്ഥ കണക്കുകൾ പരിഗണിക്കണ- മെന്നും താരിഫിലൂടെയല്ലാതെ മറ്റ് യാതൊരുവിധ വരുമാനവും കെ.എസ്.ഇ.ബി.ലിമിറ്റഡിന് ഇല്ലെന്നും 2017-18 വരെ പ്രതീക്ഷിത റവന്യൂ കമ്മി യഥാർത്ഥത്തിൽ 10791.05 കോടി രൂപയായിരിക്കുമെന്നും കമ്മീഷനെ അറിയിച്ചിട്ടുണ്ട്. |
| (ഡി) പ്രസരണം, വിതരണം, ഉല്പാദനം എന്നീ വിഭാഗങ്ങളെ ഒരു യൂണിറ്റായാണോ വ്യത്യസ്ത യൂണിറ്റുകളായാണോ കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അതിന്റെ സ്വമേധയാ എടുത്ത നടപടികൾ പ്രകാരമുള്ള താരിഫ് നിർണ്ണയ പ്രക്രിയയിൽ ഉല്പാദനം, പ്രസരണം, വിതരണം എന്നീ വിഭാഗങ്ങളായി തരംതിരിച്ചാണ് വരവുചെലവ് കണക്കുകളും വരുമാന കമ്മിയും കണക്കാക്കിയിരിക്കുന്നത്. എന്നാൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് അതിന്റെ വരവുചെലവ് കണക്കുകൾ ഒറ്റ യൂണിറ്റായി കണക്കാക്കിയാണ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നത്. |

സെക്ഷൻ ഓഫീസർ